# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2406
## 06-12-2018 - ലെ മറുപടിക്ക്

**പകൽവീട് കുടുംബശ്രീ ഉൽപ്പന്ന ഉൽപ്പാദന കേന്ദ്രത്തിന് കെട്ടിട നിർമ്മാണം**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
| --- | --- |
| എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് കുടുംബശ്രീ ഉൽപ്പന്ന ഉൽപ്പാദന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.യുടെ 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ. സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽ വീട് - കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണത്തിന് എം.എൽ.എ യുടെ 2016-17 നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രത്യേകാനുമതി നൽകി സ.ഉ.(സാധാ)നം.9869/2018/ധന. തീയതി 30/11/2018 ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിൻ പ്രകാരമുള്ള തുടർ നടപടികൾക്കായി ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എം.എൽ.എ.മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതി - മണലൂർ നിയോജക മണ്ഡലം - വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽ വീട് - കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം - എന്ന പ്രവൃത്തിയ്ക്ക് തുക വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (നോഡൽ സെന്റർ-സി) വകുപ്പ്**

**സ.ഉ.(സാധാ) നം.9869/2018/ധന.** **തീയതി, തിരുവനന്തപുരം, 30.11.2018**

പരാമർശം : 1) 04/08/2018 ലെ സ.ഉ.(അ) നം.119/2018/ധന. ഉത്തരവ്
2) 25.10.2018 ലെ ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ യുടെ കത്ത് .

**<u>ഉത്തരവ്</u>**

മണലൂർ നിയോജകമണ്ഡലത്തിൽ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് -കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം - എന്ന പ്രവൃത്തിയ്ക്ക് എം.എൽ.എ.മാരുടെ 2016-17 -ലെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിക്കുവാൻ പ്രത്യേകാനുമതി നൽകണമെന്ന് മണലൂർ നിയോജക മണ്ഡലം എം.എൽ.എയായ ശ്രീ. മുരളി പെരുനെല്ലി പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മണലൂർ നിയോജകമണ്ഡലത്തിൽ വാടാനപ്പള്ളി പഞ്ചായത്തിന്റെ കീഴിലുള്ള പകൽവീട് - കുടുംബ ശ്രീ ഉത്പന്ന ഉത്പാദന കേന്ദ്രം കെട്ടിട നിർമ്മാണം - എന്ന പ്രവൃത്തിയ്ക്ക് മണലൂർ നിയോജകമണ്ഡലത്തിലെ ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ യുടെ 2016-17 ലെ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 25 ലക്ഷം രൂപ വിനിയോഗിക്കുവാൻ പരാമർശം (1) പ്രകാരമുള്ള ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത്ത് കുമാർ.എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E 1032044 )

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**